State Institute of Educational Technology
(SIET)
General Education Department, Govt. of Kerala

# കുട്ടികളുടെ സംസ്ഥാനതല
# വിദ്യാഭ്യാസചലച്ചിത്രമേള ഒക്ടോബറിൽ

പ്രസിദ്ധീകരണത്തിന്:

ഏഴാമത് സംസ്ഥാന ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവൽ ഒക്ടോബറിൽ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയാണ് ഫെസ്റ്റിവലിന്റെ സംഘാടകർ.കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾ നിർമ്മിച്ചതും വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ചതുമായ ചിത്രങ്ങളുടെ പ്രദർശനവും മത്സരവും ചലച്ചിത്രോത്സവത്തിൽ നടക്കും.

വിദ്യാർത്ഥികൾക്ക് ചലച്ചിത്രനിർമ്മാണത്തിൽ അറിവു പകരുക, അവരുടെ ചലച്ചിത്ര നിർമ്മാണ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക, ചലച്ചിത്രങ്ങൾ സംസ്ഥാനതലത്തിൽ പ്രദർശിപ്പിക്കുന്നതിന് വേദി ഒരുക്കുക എന്നിവയാണ് ഈ ചലച്ചിത്രമേളയുടെ ലക്ഷ്യം.
വിദ്യാർത്ഥികൾ നിർമ്മിച്ചത്, വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ചത് എന്നീ വിഭാഗങ്ങളിലായാണ് മൽത്സരങ്ങൾ. കുട്ടികൾ നിർമ്മിച്ച വിഭാഗത്തിൽ പ്രൈമറി, സെക്കന്ററി, സീനിയർ സെക്കന്ററി എന്നീ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രത്യേക മൽസരങ്ങൾ ഉണ്ടാകും. കുട്ടികൾക്കായി നിർമ്മിച്ച ചിത്രങ്ങളിൽ ജനറൽ വിഭാഗത്തിനുപുറമെ സമഗ്രശിക്ഷ ബ്ലോക്ക് റിസോർഴ്സ് സെന്ററോ അധ്യാപകരോ നിർമ്മിച്ചവയ്ക്ക് പ്രത്യേക വിഭാഗങ്ങളിൽ പ്രത്യേക മൽസരവും ഉണ്ടാകും.

ആകെ അഞ്ചു വിഭാഗങ്ങളിലും മികച്ച ഒന്നാമത്തെ ചിത്രം, രണ്ടാമത്തെ ചിത്രം, മൂന്നാമത്തെ ചിത്രം, മികച്ച തിരക്കഥ, സംവിധാനം, ഛായാഗ്രഹണം, എഡിറ്റിംഗ്, ശബ്ദലേഖനം, സെറ്റ് ഡിസൈനിംഗ്, പശ്ചാത്തലസംഗീതം, ആനിമേഷൻ, ഡബ്ബിംഗ് എന്നിങ്ങനെ പന്ത്രണ്ട് അവാർഡുകൾ വീതം നൽകും.

ചലച്ചിത്രപ്രദർശനത്തോടൊപ്പം ചലച്ചിത്രനിർമ്മാണത്തിന്റെ വിവിധവശങ്ങളെ അടിസ്ഥാനമാക്കിയുള്ള വർക്ഷോപ്പുകളും സെമിനാറുകളും നടക്കും. കുട്ടികൾക്കുവേണ്ടി നിർമ്മിച്ച അന്തർദ്ദേശീയ ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. ചലച്ചിത്രമേളയിലും ചലച്ചിത്രനിർമ്മാണ ശിൽപശാലയിലും പങ്കെടുക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. മറ്റ് വിശദവിവരങ്ങൾക്ക് എസ്.ഐ.ഇ.ടി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2338541, 40

STATE INSTITUTE OF EDUCATIONAL TECHNOLOGY KERALA * THIRUVANANTHAPURAM *

ബി. അബുരാജ്
ഡയറക്ടർ
എസ്.ഐ.ഇ.ടി
തിരുവനന്തപുരം
E-mail: dir.siet@kerala.gov.in

തിയതി : 28.07.2019
തിരുവനന്തപുരം: